# കുട്ടിപ്പട്ടം

സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ

ഗോതുരുത്ത്

Kerala Infrastructure and Technology for Education





# അറിവിന്റെ രാജപാത

ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിനു പത്തൊൻപത്, ഇരുപത്, ഇരുപത്തൊന്നു എന്നീ മൂന്നു നൂറ്റാണ്ടുകൾ നീണ്ടു നില്ക്കുന്ന 140 വർഷത്തെ മഹിതമായ പാരമ്പര്യം ഉണ്ട്. 1878 ലായിരുന്നു ഗോതുരുത്തിൽ പ്രാഥമിക വിദ്യാലയത്തിനു പ്രാരംഭം കുറിച്ചത്. വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന മഹാ മിഷണറി ഡോ. ബെർണദീൻ ബെച്ചിനെല്ലി പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന ഇടയലേഖനം വഴി എല്ലാ പള്ളികളോടും ചേർന്നു വിദ്യാലയങ്ങൾ ആരംഭിക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലായിരുന്നു, തികച്ചും ഉൾപ്രദേശമായിരുന്ന ഗോതുരുത്തിൽ ഒരു വിദ്യാലയം തുടങ്ങാൻ പ്രചോദനമായത്. അക്കാലത്ത് പിന്നാക്ക ജനവിഭാഗങ്ങൾക്ക് അവിടെ പ്രവേശനം ഉണ്ടായിരുന്നില്ല. എന്നാൽ ജാതിമതലിംഗഭേദമെന്യേ എല്ലാവർക്കും പ്രവേശനം ഗോതുരുത്ത് സ്ക്കൂളിൽ നല്കിയിരുന്നു. 1904-ൽ സർക്കാരിന്റെ അംഗീകാരത്തോടെ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു വിഭാഗങ്ങളായി തിരിച്ചു സെന്റ് ജോർജ് സ്കൂൾ, സെന്റ് മേരീസ് സ്കൂൾ എന്ന പേരിൽ പ്രവർത്തനം തുടങ്ങി. ഇവ രണ്ടും മലയാളം പള്ളിക്കൂടങ്ങളായിരുന്നു. 1923-ൽ സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ അതിന്റെ പൂർണ്ണ രൂപത്തിലായി. 1998-ൽ ഗോതുരുത്ത് ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു. പില്ക്കാലത്ത് പ്രഗത്ഭരായി മാറിയ നിരവധി പേർ ഗോതുരുത്ത് വിദ്യാലയത്തിലെ വിദ്യാർത്ഥികളായിരുന്നു. ഗോതുരുത്തിലെയും പരിസര പ്രദേശങ്ങളിലെയും ആയിരക്കണക്കിനു വിദ്യാർത്ഥികളെ അക്ഷര വെളിച്ചത്തിലേക്കു നയിച്ച ഈ വിദ്യാലയ മുത്തശ്ശിക്കു പ്രണാമം

# സന്ദേശം

അക്കാദമിക രംഗത്ത് ഗവേഷണാത്മകമായി ഇടപെടുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ് കുട്ടികളിൽ കൗതുകവും താൽപര്യവും വളർത്തിക്കൊണ്ട് പഠനം സുഗമമാക്കുന്നു. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള കർമ്മ പദ്ധതികൾ അവിഷ്ക്കരിക്കുമ്പോൾ പല പ്രശ്നങ്ങളും വെല്ലുവിളികളും നേരിടേണ്ടി വരും. കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് ലിറ്റിൽ കൈറ്റ് നിലവിൽ വന്നത്. 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെ അതിജീവിച്ച് വീണ്ടും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്മിസ്ട്രസുമാർക്കും എല്ലാ കൈറ്റ് അംഗങ്ങൾക്കും എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

പ്രധാനഅധ്യാപിക
എം വി ജോളി



അറിവ് സ്വയം ആർജിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റിമറിച്ചു. സ്വയം പഠിക്കുകയും ഒപ്പം പാഠ്യവസ്തുക്കളിൽ അവബോധവും താൽപര്യവും അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയാന്തരീക്ഷത്തിൽ തന്നെ സാധ്യമാക്കുന്നത് ഇത്തരുണത്തിൽ അത്യാവശ്യമാകുന്നു. ഏതൊരു പ്രാദേശിക ഭാഷയും ജീവിക്കുന്നതും വളരുന്നതും അത് ഉപയോഗിക്കുന്നവർ നിത്യജീവിതത്തിന്റെയും സങ്കേതികവിദ്യയുടെയും സമസ്ത തലങ്ങളിലേക്കും അവരുടെ ഭാഷയെ വളർത്തിയെടുക്കുമ്പോഴാണ്. ഇവിടെ ഭാഷാ കമ്പ്യൂട്ടിങ്ങ് പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും ഒപ്പം വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്.

എഡിറ്റർ

# അറിവെന്ന നിധി

അറിവുകൾ നേടാൻ മുന്നേറാം
വിജയം കൊയ്യാൻ മുന്നേറാം
അറിവുകളൊന്നും ചെറുതല്ല
അറിവുകളെല്ലാം നിധിപോലെ
അറിവിൽ മധുരം നുകർന്നീടാം
പൂമ്പാറ്റകൾ പോൽ പാറീടാം
ചിറക് വിരിച്ച് പറന്നീടാം
മാനത്തേക്കു കുതിച്ചീടാം
നക്ഷത്രം പോൽ മിന്നീടാം
അറിവിൻ വെളിച്ചം പരത്തീടാം
ഒന്നിച്ചൊന്നായ് മുന്നേറാം
അറിവിൻ വെളിച്ചം പകർന്നീടാം

**ക്രിസ്റ്റിൻ ജെയ് എം.എഫ്.**
X A





# അമ്മ മലയാളം

ഹാ! എത്ര സുന്ദരം എന്റെ മലയാളം
ഹാ! എത്ര സുന്ദരം അമ്മ മലയാളം
മലയാളമെന്നൊരു പേരുകേട്ടാൽ
തുടിക്കണം ആയിരമായിരം ചിത്തങ്ങൾ
അമ്മ തൻ പാലൂട്ടി വളർത്തി
താരാട്ടുപാടിയുറക്കി
സ്നേഹം മാത്രം തൂകുന്ന
മണിവിളക്കാണെന്റെ അമ്മ
ആ അമ്മതൻ സ്നേഹം മറക്കാത്ത
പുത്തൻ യുഗ മായ്തീർന്നീടാം
പുതിയൊരു പാത പണിഞ്ഞീടാം
നേർവഴിയേ നടന്നീടാൻ.

**നീതു എം.എ**
X A

കവിത



# കരിമുകിലേ

കരിമുകിലേ നീ നിന്നു -
ചിണുങ്ങുന്നതെന്താണ്?
നീ എന്താണ് നാട്ടിടവഴിയിൽ
നിന്നു പതുങ്ങുന്നത്?
നീ ഇനിയും പെയ്യാൻ നിന്നാൽ
ഞാൻ എങ്ങിനെപോകും
പള്ളിക്കൂടത്തിൽ
നീയിങ്ങനെചെയ്യാൻ നിന്നാൽ
മുറ്റം നിറയോല്ലോ.
നീ എന്താണ് വീടിനു മുകളിൽ
താളമിടക്കുന്നത്
നീ ഇനിയും പെയ്യരുതേ
പെയ്യരുതേ കരിമുകിലേ

**സാന്ദ്ര മരിയ**
VII



കവിത

# പ്രകൃതി മനോഹരി

നദിയുടെ തീരത്തൊരു
സൂര്യോദയത്തിൽ
അത്ഭുതത്തോടെ ഞാൻ
സൂര്യദേവനെനോക്കി
തീ ജ്വലിച്ചുയരുന്ന പ്രകാശത്താൽ
സൂര്യന്റെ തേജസ് തിളങ്ങിനിന്നു

എന്റെ നയനങ്ങളിൽ പ്രകാശം
എൻ കാതുകളിൽ കിളിനാദം
മധുരിതമായ മന്ദമാരുതൻ
എന്നെ തഴുകി പറന്നുപോയി
കുളിരോടു കൂടി ആനന്ദമായി
അത്ഭുതത്തോടെ പ്രകൃതി ഭംഗി
ആസ്വദിച്ച് നിന്നു ഞാൻ.

**നിരുപമ എസ്.പ്രസാദ്**
7 C

# കൊച്ചു പൂമ്പാറ്റ

പൂമ്പാറ്റേ കൊച്ചു പൂമ്പാറ്റേ
പല നിറമേറും പൂമ്പാറ്റേ
കുഞ്ഞിപ്പൂവിൻ തേൻ നുകരാൻ
വരുമോ നീയെൻ പൂമ്പാറ്റേ
അപ്പൂപ്പൻ ത്താടി പോലെ
കാറ്റ ത്താടി നടക്കും നീ
പൂന്തേനുണ്ണും പൂമ്പാറ്റേ
പൂമ്പൊടി നുണയും പൂമ്പാറ്റേ
എന്നോടൊപ്പം പോരാമോ
എന്നോടൊത്തു കളിക്കാമോ
പൂമ്പാറ്റേ കൊച്ചു പൂമ്പാറ്റേ

**അബിയ കെ.എം.**
7 B



കഥ

# ക്രിസ്തുമസ് രാത്രിയിലെ സ്വർണ്ണ സമ്മാനം



മഞ്ഞു പെയ്യും ഡിസംബർ മാസത്തിന്റെ കുളിർ കാറ്റേറ്റുനിൽക്കുന്ന ക്രിസ്തുമസ് രാത്രി. ഒരു കൂട്ടം കുട്ടികൾ കരോളിന് ആർത്തുല്ലസിച്ച് പോകുമ്പോൾ അവരുടെ ഒരു സുഹൃത്തിനെ കാണാതായത് ശ്രദ്ധയിൽ പെട്ടു. അവൻ എവിടെയെന്ന് അവർ പരസ്പരം ചോദിച്ചു. എല്ലാവരും അവനെഅന്വേഷിച്ച് നാല് ദിക്കിലേക്ക് പാഞ്ഞു. അന്വേഷണത്തിനൊടുവിൽ അവർ അവനെകണ്ടുമുട്ടി. അവൻ ഒരു വൃദ്ധനുമായി നിൽക്കന്നത് കണ്ടു. നീ എവിടെയായിരുന്നു എന്നു ചോദിക്കുന്നതിന് മുൻപ് തന്നെ അവൻ പറഞ്ഞു

ഈ അപ്പുപ്പൻ വഴിയരികിലെ കുഴിയിൽ വീണു കിടക്കുകയായിരുന്നു. കാലിൽ മുറിവുണ്ടായിരുന്നു. ഞാൻ അപ്പുപ്പനെഎഴുന്നേല്പിച്ച് ആശുപത്രിയിൽ എത്തിച്ചു. അവിടെ നിന്ന് വന്നപ്പോഴാണ് നിങ്ങളെ കാണുന്നത്.' അവന്റെ വാക്കുകൾ കേട്ടപ്പോൾ കൂട്ടുകാർ അവനെപ്രശംസിച്ചു. അവർ കരോൾ ഗാനവുമായി ആ അപ്പുപ്പനെ വീട്ടിൽ കൊണ്ടുപോയി ആക്കി. അദ്ദേഹം അവർക്ക് നല്ല രുചിയുള്ള കേക്ക് നൽകി. അപ്പുപ്പൻ പറഞ്ഞു ഈ ക്രിസ്തുമസ് രാത്രിയിൽ എനിക്ക് കിട്ടിയ സ്വർണ്ണ സമ്മാനമാണ് ഈ മക്കൾ. ആ സമയം ആ കുട്ടികളുടെ ഹൃദയത്തിൽ ഉണ്ണിയേശു പിറന്നു.അവർ അവിടെ നിന്ന് കരോൾ ഗാനത്തോടെ അടുത്ത വീട്ടിലേക്ക് പോയി.

**ജോയൽ ദീപൻ**
8 C

ലേഖനം

# നവകേരളം എന്റെ ഭാവനയിൽ


ജാതി മതഭേദമില്ലാതെ എല്ലാവരും ഒരുമയോടെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിച്ചിരുന്ന നാടായിരുന്നു നമ്മുടെ കൊച്ചു കേരളം. കേരളത്തിനു മാത്രം സ്വന്തമായ ആ നന്മയെ നാം എന്നും കാത്തു സൂക്ഷിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിൽ തമ്മിൽ തല്ലുന്ന ജനങ്ങളെ കൊണ്ട് കേരളം ഇന്ന് ഭ്രാന്താലയമായി മാറിക്കൊണ്ടിരിക്കുന്നു. ഉയർന്നവരോ താഴ്ന്നവരോ എന്ന വ്യത്യാസമില്ലാതെ എല്ലാവരേയും തുല്യരായി കണ്ടു കൊണ്ട് കേരളത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി എല്ലാ മനുഷ്യരും ഒന്നിച്ച് മുന്നേറേണ്ടിയിരിക്കുന്നു.

പ്രളയത്തിനു ശേഷം വീടുകളും മറ്റു വസ്തുവകകളും നഷ്ടപ്പെട്ട ജനങ്ങൾക്ക്, അവർക്ക് ആവശ്യമായ രീതിയിൽ എല്ലാം നൽകണം. ഇത്രയും നാൾ കഠിനമായി അധ്വാനിച്ച് ഉണ്ടാക്കിയത് ഒറ്റനിമിഷംകൊണ്ട് ഇല്ലാതാകുമ്പോൾ ഉണ്ടാകുന്ന വേദനഅസഹനീയമാണ്. അവർക്ക് താങ്ങായി തണലായി അവരുടെ ജീവിതത്തെ ആർദ്രത നൽകി വീണ്ടും പച്ചപ്പുളവാക്കണം.


മരങ്ങളും ചെടികളും കൊണ്ട് നിറഞ്ഞതായിരുന്നു നമ്മുടെ കേരളം. വിശാലമായ പാടങ്ങളുടെ സ്ഥാനത്ത് ഇപ്പോൾ വലിയ ഫ്ളാറ്റുകളും കെട്ടിടങ്ങളുമൊക്കെയാണ്. ആവശ്യമായ ഭക്ഷണം ഉൽപ്പാദിപ്പിക്കുവാൻ നമുക്ക് കഴിയുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടത് അത്യാവശ്യമാണ്.
നമ്മുടെ കേരളം നേരിടുന്ന മറ്റൊരു പ്രശ്നമാണ് ജനങ്ങളുടെ ആരോഗ്യം. എല്ലാവരും ആരോഗ്യവാന്മാരായി ഇരിക്കേണ്ടത് നാടിന്റെ പുരോഗതിക്ക് ആവശ്യമാണ്. ആതുരശുശ്രൂഷയെ ഒരു സേവനമായി കാണാതെ വ്യവസായമായാണ് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർ കാണുന്നത്. ചികത്സിക്കാനുള്ള പണമില്ലാതെ പാവപ്പെട്ടവർ കഷ്ടപ്പെടുന്നു. ഗവൺമെൻറ് ആശുപത്രികളിലെ സൗകര്യങ്ങളും ചികത്സാരീതികളും പുരോഗമിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

നമുക്ക് ഒന്നിച്ച് മുന്നേറാം കേരളത്തിന്റെ പുരോഗതിക്കായി. പ്രളയത്തിൽ നിന്നും കരകയറിക്കൊണ്ടിരിക്കുന്ന നാടിനെപുനർനിർമിക്കാം.

**ഹിറ്റ്ന ജിസ് ഹെൻറി**
Std X B




**Abhiya K.B.**
VII B



**Helna Biju**
9 C




**Krishna M.U.**
Std VIII B



**Silda Teresa**
Std VIII B



പറവൂർ ഉപജില്ലയിലെ ബാസ്ക്കറ്റ്ബോൾ
ഒന്നാം സ്ഥാനം



മാസ്റ്റർ ട്രെയിനർ എൽബി സാർ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്ക് ക്ലാസ് എടുക്കുന്നു



സ്വരക്ഷ കോർഡിനേറ്റർ
അനു സൂരജ് കുട്ടികളോടൊപ്പം



സ്കൂൾതല ഏക ദിന ക്യാമ്പ് എറണാകുളം
എം.ടി.സി ജയദേവൻ സാർ സന്ദർശിച്ചപ്പോൾ



പറവൂർ ഉപജില്ലയിലെ ഷട്ടിൽ
ബാഡ്മിന്റൺ രണ്ടാം സ്ഥാനം



ലിറ്റിൽ കൈറ്റ് ടീം. HM ജോളി ടീച്ചർ,
കൈറ്റ് മിസ്ട്രസ്മാരായായ ബിന്ദു ടീച്ചർ,
ലില്ലി ടീച്ചർ എന്നിവർക്കൊപ്പം.



എറണാകുളം റവന്യൂ ജില്ലയിൽ കരാട്ടെയിൽ മൂന്നാം സ്ഥാനം നേടിയ ജിയ ജിനു ജൂഡ്.



NMMS സ്കോളർഷിപ്പ്
അഞ്ജനസെബാസ്റ്റ്യൻ 9B



USS സ്കോളർഷിപ്പ്
അലൻസ മെറിൻ 8 B











സംസ്ഥാന കലോത്സവത്തിൽ എ ഗ്രേഡ് ലഭിച്ച ചവിട്ടുനാടക ടീം

# ചവിട്ടുനാടകം

ചവിട്ടുനാടകത്തിന്റെ ഈറ്റില്ല മെന്ന വിശേഷണത്തിനു പോലും അർഹമായ വിധത്തിൽ ഗോതുരുത്തിലെ ജനങ്ങളുടെ ജീവിതത്തിലൂടെ വേർപിരിക്കാനാകാത്ത വിധത്തിൽ ഇഴുകിച്ചേർന്നിരിക്കുകയാണ് ഈ കലാരൂപം. മിഷണറിമാരായിരുന്നു ഈ കലാരൂപത്തിനു ആവിഷ്ക്കാരം നല്കിയത്. കാറൽസ്മാൻ എന്ന ചവിട്ടുനാടകമാണ് ഏറ്റവും പ്രശസ്തം. 1960 ലെ റിപ്പബ്ലിക്ക് ദിനാഘോഷങ്ങളോടനുബന്ധിച്ചു ഡൽഹിയിൽ ചവിട്ടുനാടകം അവതരിപ്പിക്കാനുള്ള ഭാഗ്യം ഗോതുരുത്തുകാർക്കുണ്ടായി. ചവിട്ടുനാടകത്തിൽ മതിമറന്ന അന്നത്തെ ഇന്ത്യയുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു റോൾദോന്റെ കിരീടം എടുത്ത് സ്വന്തം ശിരസ്സിൽ വയ്ക്കുകയുണ്ടായി. പ്രഗത്ഭരായ നിരവധി ആശാന്മാരും നടന്മാരും ഒക്കെ ഗോതുരുത്തിൽ ഉണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്. ഈ കലാരൂപത്തെ ആധുനീകരിക്കാനും നിലനിറുത്താനും വേണ്ടി പരിശ്രമിച്ചു വിജയിച്ച മഹതിയാണു സെബീനറാഫി. മഹിതമായ ഈ കലാരൂപത്തെ സംരക്ഷിച്ചു മെച്ചപ്പെടുത്തി വരും തലമുറകളിലേക്കു നമുക്കു കൈമാറാം.

**സംസ്ഥാന കലോത്സവത്തിൽ മത്സരഇനമായി ചവിട്ടുനാടകം ഉൾപ്പെടുത്തിയത് 2012–13 അദ്ധ്യയന വർഷത്തിലായിരുന്നു. അതേവർഷം തന്നെ സെന്റ്സെബാസ്റ്റ്യൻ ഹൈസ്ക്കൂൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി. ഇപ്പോഴും അതേ മികവ് തുടർന്നുകൊണ്ടേയിരിക്കുന്നു.**